**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 212** **12-01-2021 - ൽ മറുപടിയ്ക്ക്**

**കേരള കേഡർ ഐ.എ.എസ്. ഉദ്യോഗസ്ഥർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇപ്പോൾ എത്ര ഐ.എ.എസ്. ഓഫീസർമാർ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ; | (എ) | 128 ഐ.എ.എസ് ഓഫീസർമാർ ജോലി ചെയ്യുന്നുണ്ട്. |
| (ബി) | കേരള കേഡർ ഐ.എ.എസ്. ഉദ്യോഗസ്ഥരിൽ എത്രപേർ കേന്ദ്ര ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | 19 പേർ |
| (സി) | അന്യ സംസ്ഥാന കേഡറിലുള്ള ഐ.എ.എസ്. ഉദ്യോഗസ്ഥരിൽ ആരെങ്കിലും അന്യത്ര സേവന വ്യവസ്ഥയിൽ കേരളത്തിൽ ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | ശ്രീമതി. പി.ഐ. ശ്രീവിദ്യ ഐ.എ.എസ് അന്യത്ര സേവന വ്യവസ്ഥയിൽ കർണാടക കേഡറിൽ നിന്നും കേരളത്തിൽ ജോലി ചെയ്യുന്നു |
| (ഡി) | കേരളത്തിൽ നിലവിൽ ഐ .എ.എസ്. തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ഡി) | നേരിട്ടുള്ള നിയമന വിഭാഗത്തിൽ 41 ഉദ്യോഗസ്ഥരുടെയും സ്ഥാനക്കയറ്റം/ സെലക്ഷൻ വഴിയുള്ള നിയമന വിഭാഗത്തിൽ 41 ഉദ്യോഗസ്ഥരുടെയും കുറവുണ്ട്. |
| (ഇ) | തസ്തിക ഒഴിഞ്ഞു കിടക്കുമ്പോൾ ഡെപ്യൂട്ടേഷനിൽ പോയ ഉദ്യോഗസ്ഥരോട് തിരിച്ചുവരാൻ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഇ) | ഉണ്ട്. ശ്രീമതി. ശാരദാ മുരളീധരൻ ഐ.എ.എസിനെ കേന്ദ്ര സർവീസിൽ നിന്നും തിരികെ വിളിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ